# KERALA UNIVERSITY OF FISHERIES & OCEAN STUDIES
കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല
PANANGAD P.O., KOCHI 682 506, KERALA, INDIA

☎0484- 2701085, 2703782, 2 **Fax**: 91-484-2700337; ***e-mail***: utypanangad@kufos.ac.in **website**: www.kufos.ac.in


No.Acad 2/7968/16 Dtd : 06 /02/2017

## PRESS RELEASE

### കുഫോസിൽ 2017 – 18 അദ്ധ്യയനവർഷത്തിലെ ബിരുദപ്രവേശനം

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിൽ (KUFOS) 2017 – 18 അദ്ധ്യയനവർഷത്തിൽ **ബി ടെക്ക് ഇൻ ഫുഡ് സയൻസ് ആന്റ് ടെക്നോളജി** (B. Tech. - Food Science and Technology) എന്ന ബിരുദകോഴ്സ് ആരംഭിക്കുന്നു. ആകെ 40 സീറ്റ്. പ്ലസ് ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഐച്ഛികവിഷയമായി പഠിച്ചവർക്കു മാത്രമുള്ളതാണ് ഈ കോഴ്സ്. ഫീസ് ആദ്യ സെമസ്റ്ററിന് രൂപ 54,000/-. കാലാവധി 4 വർഷം. സംസ്ഥാന പ്രവേശന കമ്മീഷണർ നടത്തുന്ന എഞ്ചിനിയറിംഗ് പ്രവേശനപരീക്ഷയിലൂടെയാണ് ഈ ബിരുദകോഴ്സിലേക്കു പ്രവേശനം നടത്തുന്നത്.

ഇതുകൂടാതെ നിലവിലുള്ള **ബി. എഫ്. എസ്. സി.** കോഴ്സിന് (B.F.Sc – Bachelor of Fisheries Science) സീറ്റുകളടെ എണ്ണം 2017 – 18 അദ്ധ്യയനവർഷത്തിൽ 80 ആയി വർദ്ധിപ്പിച്ചിട്ടു ് . പ്ലസ് ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐച്ഛികവിഷയമായി പഠിച്ചവർക്കു മാത്രമുള്ളതാണ് ഈ കോഴ്സ്. ഫീസ് ആദ്യ സെമസ്റ്ററിന് രൂപ 9,400/-. കാലാവധി 4 വർഷം. സി. ബി. എസ്. ഇ. നടത്തുന്ന നാഷണൽ എൻട്രൻസ് ടെസ്റ്റ് (NEET-UG) മുഖേനയാണ് ഈ ബിരുദകോഴ്സിലേക്കു പ്രവേശനം നടത്തുന്നത്.

കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന പ്രവേശന കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in കാണുക. ഹെൽപ്പ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104.

Sd/-

**രജിസ്ട്രാർ**